ഉത്തരം

(എ) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയെ ഷോപ്പിംഗ് കോംപ്ലക്സോടുകൂടി നവീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നെടുമങ്ങാട് ഒരു പുതിയ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ബോർഡ് അംഗീകരിച്ച് ഡിസൈൻ മുനിസിപ്പാലിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകഴിഞ്ഞു. അംഗീകാരം കിട്ടുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മുനിസിപ്പാലിറ്റിയുടെയും ചീഫ് ടൗൺ പ്ലാനറുടെയും അംഗീകാരം കിട്ടിയാൽ ഉടൻ ടെൻഡർ നടത്തി പണികൾ ആരംഭിക്കുന്നതാണ്.

പാലക്കാട്-മണ്ണമ്പറ്റ വഴിയുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കാൻ നടപടി

88 (2187) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-മണ്ണമ്പറ്റ വഴി ശ്രീകൃഷ്ണപുരത്തേക്ക് നേരത്തെ ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി.യുടെ ബസ്സ് സർവ്വീസ് പുനരാരംഭിക്കണമെന്നത് സംബന്ധിച്ച് പല പ്രാവശ്യം നിവേദനങ്ങൾ ശ്രീകൃഷ്ണപുരം എം.എൽ.എ. നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് തീരുമാനമാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലയിലെ ഏത് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് സ്ഥിതി ചെയ്യുന്നതും സാമ്പത്തികമായി വളരെയധികം പിന്നോക്കാവസ്ഥയിലുള്ള ജനങ്ങൾ താമസിക്കുന്നതുമായ മണ്ണമ്പറ്റയിൽ അടിയന്തരമായി പാലക്കാട്-മണ്ണമ്പറ്റ വഴി ശ്രീകൃഷ്ണപുരത്തേക്ക് കെ.എസ്.ആർ.ടി.സി.യുടെ ബസ്സ് സർവ്വീസ് പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് യൂണിറ്റിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന കൊളക്കാട്ട് കുർശ്ശി സർവ്വീസ് മണ്ണാർക്കാട് ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങിയപ്പോൾ മണ്ണാർകാടേക്ക് മാറ്റുകയും മണ്ണാർകാട്-പാലക്കാട്-ശ്രീകൃഷ്ണപുരം സർവ്വീസായി ഓപ്പറേറ്റ് ചെയ്യുകയും ഉണ്ടായി. എന്നാൽ ആറ് സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകി. ഈ റൂട്ടിലൂടെ ഓടിത്തുടങ്ങിയതോടെ കെ.എസ്.ആർ.ടി.സി. ബസ്സിന്റെ വരുമാനം കുറയുകയും തുടർന്ന് സർവ്വീസ് നിർത്തിവക്കുകയും ഉണ്ടായി. വരുമാനക്കുറവു കാരണം നിർത്തിവച്ച സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ലാഭകരമായി നടത്തുവാൻ കഴിയാത്തതിനാൽ പാലക്കാട്-മണ്ണൂസ്റ്റ വഴി ശ്രീകൃഷ്ണപുരം സർവ്വീസ് പുനരാരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.

കെ.എസ്.ആർ.ടി.സി. പെൻഷൻ ബാദ്ധ്യത ഏറ്റെടുക്കുന്നത് സംബന്ധിച്ച്

88 (2988) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാർക്ക് കൃത്യമായി പെൻഷൻ ലഭിക്കാത്തത്മൂലം ഇവർ അനുഭവിക്കുന്ന യാതനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ ഏറ്റെടുത്ത് ട്രഷറിവഴി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) സാമൂഹ്യ പ്രതിബദ്ധതയോട് കൂടി പ്രവർത്തിക്കുന്ന കെ.എസ്. ആർ.ടി.സി.യിലെ പ്രശ്നങ്ങൾ പഠിച്ച്, പെൻഷൻകാർക്ക് ഉൾപ്പെടെ കാലതാമസം കൂടാതെ ആനുകൂല്യങ്ങൾ നല്കുന്നതിന് നടപടി ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ അതാതുമാസത്തെ പെൻഷൻ അതാത് മാസംതന്നെ നൽകിവരുന്നുണ്ട്. നാളിതുവരെ പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടില്ല. എന്നാൽ ഓരോ മാസവും ഏത് തീയതിയിൽ പെൻഷൻ വിതരണം നടത്തണമെന്ന് തീരുമാനിക്കുന്നത് ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ്. ഇതുകൊണ്ട് പെൻഷൻകാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്ന ഒരു വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) ഇത്തരത്തിൽ ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(സി) പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് ബഹു.ഹൈക്കോടതി വിധി പ്രകാരം പ്രതിദിന വരുമാനത്തിന്റെ പത്ത് ശതമാനം നീക്കിവയ്ക്കുന്നുണ്ട്. ആയതിൽ നിന്ന് ജീവനക്കാരുടെ പെൻഷനാനുകൂല്യങ്ങൾ മുൻഗണനാക്രമത്തിൽ നൽകിവരുന്നുണ്ട്. പെൻഷൻകാർക്ക് അതാത് മാസത്തെ പെൻഷൻ അതാത് മാസംതന്നെ നൽകിവരുന്നുണ്ട്. നാളിതുവരെ പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടില്ല.

എന്നാൽ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹതപ്പെട്ട ടി.എ./ ഡി.ആർ. നൽകുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly